# പരുമല ശ്രീ വലിയ പനയന്നാർകാവ്
# ഭഗവതി ക്ഷേത്രം



## ശ്രീമദ് ഭാഗവത സപ്താഹയജ്ഞവും വിഷു മഹോത്സവവും

**2026 ഏപ്രിൽ 6 മുതൽ 15 വരെ**
(1201 മീനം 23 മുതൽ മേടം 2 വരെ )

www.panayannarkavu.org

*സർവ്വമംഗള മംഗല്യേ ശിവേ സർവ്വാർത്ഥ സാധികേ*
*ശരണ്യേ ത്രയംബകേ ഗൗരീ നാരായണീ നമോസ്തുതേ*

*"അഖില ജഗദീശേ വാമദേവൻ ലലാട ജ്വലിത തപനമക്ഷിസ്പന്ദന തൃത്തിടമ്പേ*
*നിഖിലമഹിതവേദ പ്രൗഢ വിദ്യുത് പ്രഭാവേ കനിയുക പനയന്നാർക്കാവെഴും ഭദ്രകാളി"*

കേരളത്തിലെ പ്രസിദ്ധ ഭദ്രകാളീ ക്ഷേത്രങ്ങളിൽ ഏറ്റവും പ്രശസ്തമാണ് പരുമല ശ്രീ വലിയ പനയന്നാർകാവ്. ഐതീഹ്യമാല, ഉണ്ണുനീലിസന്ദേശം എന്നീ വിശിഷ്ട ഗ്രന്ഥങ്ങളിൽ ഈ ക്ഷേത്രത്തിന്റെ മഹത്വം പ്രതിപാദിക്കപ്പെട്ടിട്ടുള്ളത് സ്മരണീയമാണ്. പരിമളം വിതറുന്ന പരുമല യുടെ പ്രകൃതിഭംഗിയും സാക്ഷാൽ ജഗദംബികയുടെ അവതാരമായ ഉഗ്രമൂർത്തിയായ ശ്രീഭദ്രകാളിയുടെ ചൈതന്യവും ഭക്തജനങ്ങളുടെ അഭീഷ്ടസിദ്ധിയും അന്യനാടുകളിൽ പോലും പ്രസിദ്ധമാണ്.

ദീർഘകായമായ കരിമ്പനകൾ, വിസ്തൃതവും മനോഹരവുമായ കാവുകളും നാഗരാജാ ക്കന്മാരുടെയും നാഗയക്ഷിയുടെയും സർവ്വരക്ഷാ സ്വരൂപങ്ങളായ പ്രതിഷ്ഠകൾ ഇവ ക്ഷേത്ര ത്തിന് ചുറ്റുപാടുമായി അഞ്ചുകാവുകളിലുണ്ട്. ദ്വാപരയുഗത്തിൽ ശ്രീപരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടതും സർവ്വശക്തനുമായ ശ്രീപരമേശ്വരൻ പടിഞ്ഞാറോട്ട് പമ്പാദർശനത്തിൽ വാഴുന്നു. ദാരികവധാവതാരരൂപത്തിൽ ശക്തിസ്വരൂപിണി ശ്രീഭദ്രകാളി കിഴക്കോട്ട് ദർശന ത്തിൽ, ഇടതുഭാഗത്ത് അത്യപൂർവ്വമായ മഹാമേരുചക്രം (ഈ ഭാഗത്ത് ദർശനം സാധ്യമല്ല)

ചാന്താട്ടുഭഗവതികാളി പിന്നിൽ സപ്തമാതൃക്കൾ വടക്കോട്ട് ദർശനത്തിൽ, അവർക്കു വലതുവശം പടിഞ്ഞാറോട്ട് വീരഭദ്രൻ, ഇടതുവശത്ത് ശ്രീഗണനാഥൻ, അതിന്റെ ഇടതുവശത്ത് തൃശൂലസ്ഥിതമായ ശ്രീ ശൂലിനി. പൊതുദർശനം വടക്കോട്ട്. പതിനൊന്ന് ദേവീദേവന്മാരുടെ പ്രതിഷ്ഠകൾ ത്രിവാതിൽ ദർശനസ്ഥിതമായിട്ടുണ്ട്. നാലമ്പലത്തിനുള്ളിൽ രണ്ടു ശ്രീകോവിലു കൾ, പതിനാലു പ്രതിഷ്ഠകൾ, പുറത്ത് തിരുമുറ്റത്ത് ഗുരുതിപ്രിയമായ കരിങ്കാളി, കൊടുങ്കാളി, ഭൂതകാളി, ക്ഷേത്രപാലകൻ, ബ്രഹ്മരക്ഷസ്സ്, ഗണപതി, ശ്രീധർമ്മശാസ്താവ്, അന്നപൂർണ്ണേശ്വരി, ക്രിസ്തീയ പുരോഹിതനായ കടമറ്റത്തു കത്തനാരാൽ ബന്ധിക്കപ്പെട്ട യക്ഷിയമ്മ, പള്ളിയറ ക്ഷേത്രത്തിലെ കുംഭകലശപ്രിയ ദേവി ദുർഗ്ഗ, ജഡ്ജി അമ്മാവന്റെ അനന്തിരവൻ ഇത്രയും ദേവീദേവന്മാരുടെ പ്രഭാവസംഗമ സങ്കേതമാണ് ശ്രീ വലിയ പനയന്നാർകാവ്.

പുരാതന പ്രതിഷ്ഠകൾ എല്ലാം ദ്വാപരയുഗത്തിൽ ത്രികാലജ്ഞാനികളായ മാമുനി ശ്രേഷ്ഠന്മാർ ദുർവ്വാസാവു മഹർഷിയും നാരദമഹർഷിയും ചേർന്ന് പ്രതിഷ്ഠിച്ചിട്ടുള്ളതായി ഇതിഹാസങ്ങൾ ഉദ്ഘോഷിക്കുന്നു. ദേവീഭാഗവതം, രാമായണം, ശ്രീമഹാഭാഗവതം, ഭാഗവതം മുതലായവ പുരാണങ്ങളിലെ കഥകൾ അടിസ്ഥാനമാക്കി പൗരാണികവും മനോഹരവുമായ ചുവർചിത്രങ്ങൾ ഇവിടുത്തെ സവിശേഷതയാണ്.

കാലപ്പഴക്കം ചുവർചിത്രങ്ങളെയും ക്ഷേത്രങ്ങളെയും ഉപമന്ദിരങ്ങളെയും സാരമായി ബാധിച്ചിട്ടുണ്ട്. അവയെല്ലാം പുനഃരുദ്ധാരണം നടത്തി നവീകരിച്ച് ഐശ്വര്യപ്രദമാക്കുവാൻ തീവ്രമായ ശ്രമങ്ങൾ തുടരുന്നു. ദേവപ്രശ്നവിധിപ്രകാരം ശ്രീമദ് ഭാഗവതസപ്താഹയജ്ഞവും മുൻപതിവുകൾ അനുസരിച്ച് വിഷുമഹോത്സവവും നടക്കുകയാണ്. ഇവിടുത്തെ നടത്തിപ്പിനും വലിയ പനയന്നാർകാവ് ഭാഗവതി സങ്കേതത്തിന്റെ നവീകരണ പരിശ്രമങ്ങൾക്കും എല്ലാവിധ സഹായസഹകരണങ്ങളും സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,


| പ്രസിഡന്റ് | സെക്രട്ടറി | ഖജാൻജി |
|---|---|---|
| **ശങ്കരനാരായണൻ ആദിശ്ശർ** | **ശ്രീരഞ്ജൻ ആദിശ്ശർ** | **അഡ്വ. കെ. സുഭാഷ് ആദിശ്ശർ** |
| 9605751582 | 8547895763 | 9446560765 |

## ശ്രീമദ് ഭാഗവത സപ്താഹയജ്ഞ പരിപാടികൾ



സർവ്വകന്മഷനിവാരണിയും
അഷ്ടൈശ്വര്യപ്രദായനിയും നിഗ്രഹാനുഗ്രഹ മൂർത്തിയും
സമാധാനത്തിന്റെയും പുരോഗതിയുടെയും സംരക്ഷകിയുമായ
ശ്രീഭദ്രകാളിയുടെയും നിത്യസാന്നിദ്ധ്യസങ്കേതവും
ദേവിയുടെ എല്ലാ പ്രത്യക്ഷരൂപങ്ങളും വീരഭദ്രനും ഗണനാഥനും
ക്ഷേത്ര പാലകനുമെല്ലാം സംഗമിച്ചു വാഴുന്ന ശക്തികേന്ദ്രമായ
ശ്രീ വലിയ പനയന്നാർകാവിൽ വേദപുരാണ ഇതിഹാസങ്ങളിൽ
ഏറ്റവും ശ്രേഷ്ഠമായ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം (മൂലം)
നടത്തുകയാണ്. ഈ യജ്ഞത്തിൽ പാരായണ ശ്രവണതത്പരരായി
പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

ഭരണസമിതിയ്ക്കുവേണ്ടി,

സെക്രട്ടറി

**യജ്ഞാചാര്യൻ : ബ്രഹ്മശ്രീ വട്ടപ്പറമ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരി**
**പയ്യന്നൂർ, കണ്ണൂർ**

**സഹാചാര്യന്മാർ : ശ്രീ. രാജശേഖര പിഷാരടി**
**ബ്രഹ്മശ്രീ. ചിറമ്പ്രം രമേശ് നമ്പൂതിരി**

## 2026 ഏപ്രിൽ 06 തിങ്കൾ

### 1201 മീനം 23

രാവിലെ 8 മുതൽ : **നാരായണീയ പാരായണം**
അവതരണം : **ശ്രീ ഗുരുവായൂരപ്പ നാരായണീയ സമിതി, പരുമല**

വൈകിട്ട് 6.00 മണിക്ക് : **ഭദ്രദീപപ്രോജ്ജ്വലനം**
ക്ഷേത്രതന്ത്രി : ബ്രഹ്മശ്രീ പറമ്പൂരില്ലത്ത് ത്രിവിക്രമൻ നാരായണൻ ഭട്ടതിരിപ്പാട്
6.30 ന് : ആചാര്യവരണം
ശ്രീമദ് ഭാഗവത മാഹാത്മ്യപാരായണം

പ്രഭാഷണം : യജ്ഞാചാര്യൻ



## 1-ാം ദിവസം 2026 ഏപ്രിൽ 07 ചൊവ്വ
### 1201 മീനം 24

രാവിലെ 6.00 ന് : വിഷ്ണുസഹസ്രനാമജപം

6.30 മുതൽ 8.30 വരെയും, 9 മുതൽ 12.30 വരെയും,
2 മുതൽ 4 വരെയും, 4.30 മുതൽ 6.30 വരെയും :
ശ്രീമദ് ഭാഗവത പാരായണവും, പ്രഭാഷണവും

പ്രധാന കഥാഭാഗങ്ങൾ : സുതശൗനകസംവാദം, വ്യാസനാരദസംവാദം, കുന്തിസ്തുതി, ഭീഷ്മസ്തുതി, ശ്രീശുകാഗമനം, ചതുശ്ലോകിവിദുര മൈത്രേയസംവാദം, വരാഹാവതാരം

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

**അന്നദാനം : രാജൻ, ശാരദാലയം, പരുമല**

## 2-ാം ദിവസം 2026 ഏപ്രിൽ 08 ബുധൻ
### 1201 മീനം 25

രാവിലെ 6.00 ന് : വിഷ്ണുസഹസ്രനാമജപം

6.30 മുതൽ 8.30 വരെയും, 9 മുതൽ 12.30 വരെയും,
2 മുതൽ 4 വരെയും, 4.30 മുതൽ 6.30 വരെയും :
ശ്രീമദ് ഭാഗവത പാരായണവും, പ്രഭാഷണവും

പ്രധാന കഥാഭാഗങ്ങൾ : കപിലാവതാരം, കപിലോപദേശം, ദക്ഷയാഗം, ധ്രുവചരിതം, പൃഥുചരിതം, രഞ്ജനോപാഖ്യാനം, വൃഷഭാവതാരം, ഭരതചരിതം, ഭദ്രകാളിപ്രദുർഭാവം

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

**അന്നദാനം : ഓമനക്കുട്ടൻ, ശ്രീവിലാസം, പരുമല**



3-ാം ദിവസം

## 2026 ഏപ്രിൽ 09 വ്യാഴം

### 1201 മീനം 26

രാവിലെ 6.00 ന് : വിഷ്ണുസഹസ്രനാമജപം

6.30 മുതൽ 8.30 വരെയും, 9 മുതൽ 12.30 വരെയും,
2 മുതൽ 4 വരെയും, 4.30 മുതൽ 6.30 വരെയും :
ശ്രീമദ് ഭാഗവത പാരായണവും, പ്രഭാഷണവും

പ്രധാന കഥാഭാഗങ്ങൾ : ഭൂഗോളവർണ്ണന, നരകവർണ്ണന, ചിത്രകേതുപാഖ്യാനം, പ്രഹ്ളാദചരിതം, നരസിംഹാവതാരം

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

**അന്നദാനം : ചെല്ലപ്പൻ, വാലിയിൽ വീട്, മഹാദേവിക്കാട്, കാർത്തികപ്പള്ളി**

4-ാം ദിവസം

## 2026 ഏപ്രിൽ 10 വെള്ളി

### 1201 മീനം 27

രാവിലെ 6.00 ന് : വിഷ്ണുസഹസ്രനാമജപം

6.30 മുതൽ 8.30 വരെയും, 9 മുതൽ 12.30 വരെയും,
2 മുതൽ 4 വരെയും, 4.30 മുതൽ 6.30 വരെയും :
ശ്രീമദ് ഭാഗവത പാരായണവും, പ്രഭാഷണവും

പ്രധാന കഥാഭാഗങ്ങൾ : പ്രഹ്ളാദസ്തുതി, വർണ്ണാശ്രമധർമ്മങ്ങൾ, ഗജേന്ദ്രമോക്ഷം, അമൃതമഥനം, വാമനാവതാരം, മത്സ്യാവതാരം, അംബരീക്ഷചരിതം, ശ്രീരാമചരിതം, ശ്രീകൃഷ്ണാവതാരം

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

**അന്നദാനം : ക്ഷമ സുകു, സുകൃതം, പരുമല**



5-ാം ദിവസം

## 2026 ഏപ്രിൽ 11 ശനി

### 1201 മീനം 28

രാവിലെ 6.00 ന് : വിഷ്ണുസഹസ്രനാമജപം

6.30 മുതൽ 8.30 വരെയും, 9 മുതൽ 12.30 വരെയും,
2 മുതൽ 4 വരെയും, 4.30 മുതൽ 6.30 വരെയും :
ശ്രീമദ് ഭാഗവത പാരായണവും, പ്രഭാഷണവും

പ്രധാന കഥാഭാഗങ്ങൾ : ശ്രീകൃഷ്ണലീലകൾ, കാളിയമർദ്ദനം, ഗോവിന്ദാഭിഷേകം, രാസക്രീഡ, ഉദ്ധവദൂത്, രുഗ്മിണീസ്വയംവരം

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

**അന്നദാനം : മോഹിനി ഉണ്ണിത്താൻ, തൈപ്പറമ്പിൽ, പരുമല**

6-ാം ദിവസം

## 2026 ഏപ്രിൽ 12 ഞായർ

### 1201 മീനം 29

രാവിലെ 6.00 ന് : വിഷ്ണുസഹസ്രനാമജപം

6.30 മുതൽ 8.30 വരെയും, 9 മുതൽ 12.30 വരെയും,
2 മുതൽ 4 വരെയും, 4.30 മുതൽ 6.30 വരെയും :
ശ്രീമദ് ഭാഗവത പാരായണവും, പ്രഭാഷണവും

പ്രധാന കഥാഭാഗങ്ങൾ : സ്യമന്തകം, ബാണയുദ്ധം, നാരദപരീക്ഷ, രാജസൂയം, കുചേലവൃത്തം, ശ്രുതിഗീത, സന്താനഗോപാലം, ഉദ്ധവോപദേശം ആരംഭം

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

**അന്നദാനം : വേദ പ്രണവ്, വടക്കേടത്ത്, പരുമല**

വൈകിട്ട് 7.00 ന് : **തിരുവാതിര**

അവതരണം : തിരുവാറന്മുള ശ്രീകൃഷ്ണാർപ്പണം തിരുവാതിരസംഘം



# പുനഃരുദ്ധാരണം നടത്തിയ ശിവങ്കൽ ശ്രീകോവിൽ സമർപ്പണം

**2026 ഏപ്രിൽ 12, 13 തീയതികളിൽ**



ക്ഷേത്രതന്ത്രി : **ബ്രഹ്മശ്രീ പറമ്പൂരില്ലത്ത് ത്രിവിക്രമൻ നാരായണ ഭട്ടതിരിപ്പാട്**

സ്ഥപതി : **ബ്രഹ്മശ്രീ കുഴിക്കാട്ടില്ലത്ത് അഗ്നിശർമ്മൻ വാസുദേവ ഭട്ടതിരിപ്പാട്**

മുഖ്യശില്പി **പരുമല ശ്രീ. അനന്തൻ ആചാരിയിൽ നിന്നും ക്ഷേത്രഭരണസമിതി ഏറ്റുവാങ്ങുന്നു.**

തച്ചൻ : **ശ്രീ. മോഹനൻ ആചാരി, ചന്ദിരൂർ**

## ക്രിയാ വിവരം



### 2026 ഏപ്രിൽ 12 ഞായറാഴ്ച

വൈകിട്ട് 5.30 ന് : *ആചാര്യവരണം*
ഗണപതി പൂജ
രാക്ഷോഘ്ന ഹോമം, വാസ്തു ഹോമം
വാസ്തുകലശ പൂജ, പ്രാസാദപൂജ
**കലശാഭിഷേകങ്ങൾ**
**വാസ്തുബലി**
വാസ്തു പുണ്യാഹം
*ഭഗവതിക്ക് ദീപാന്തശുദ്ധി*

### 2026 ഏപ്രിൽ 13 തിങ്കളാഴ്ച

രാവിലെ 7 മുതൽ : ചതുഃശുദ്ധി, ധാര, പഞ്ചഗവ്യം
പഞ്ചകം,നവകം, ഉച്ചപ്പൂജ
*ഭഗവതിക്ക് നവക കലശാഭിഷേകം.*

## ചെമ്പോല സമർപ്പണം

വഴിപാടായി ചെയ്യുവാൻ ആഗ്രഹിക്കുന്നവർ
ചെമ്പോല ഒന്നിന് 500 രൂപ രസീത് എടുക്കേണ്ടതാണ്.

7-ാം ദിവസം

# 2026 ഏപ്രിൽ 13 തിങ്കൾ

## 1201 മീനം 30

രാവിലെ 6.00 ന് : വിഷ്ണുസഹസ്രനാമജപം

6.30 മുതൽ 8.30 വരെയും, 9 മുതൽ 12.30 വരെയും,
2 മുതൽ 4 വരെയും, 4.30 മുതൽ 6.30 വരെയും :
ശ്രീമദ് ഭാഗവത പാരായണവും, പ്രഭാഷണവും

പ്രധാന കഥാഭാഗങ്ങൾ : ഉദ്ധവോപദേശം തുടർച്ച, ഭിക്ഷാഗീത,
ഉദ്ധവബദരിയാത്ര, സ്വധാമപ്രാപ്തി,
മാർക്കണ്ഡേയചരിതം, സംഗ്രഹാധ്യായപാരായണം

പകൽ 12.00 ന് : **അവഭൃതസ്നാനം**

12.30 ന് : മഹാമംഗളാരതി, ആചാര്യദക്ഷിണ
യജ്ഞപ്രസാദവിതരണം

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

അന്നദാനം : ധ്യാൻ മഹേഷ്, രാമകൃഷ്ണ ഭവൻ, ചേപ്പാട്

ഉച്ചയ്ക്ക് 1 മണി മുതൽ : **ഭക്തിഗാനസുധ**

അവതരണം : **അക്ഷയ് വി. കുമാർ**
പുന്നമൂട്, മാവേലിക്കര



7.00 മണി മുതൽ :



# സംഗീത സദസ്സ്

വോക്കൽ:
**ADGP എസ്. ശ്രീജിത്ത് IPS**

മൃദംഗം:
**കടമ്മനിട്ട മനുസുദേവ് (AIR)**

വയലിൻ:
**കടമ്മനിട്ട മീനാക്ഷിദേവ് (AIR)**

ഘടം:
**ഡോ. എണ്ണയ്ക്കാട് മഹേശ്വരൻ (AIR)**

ഗഞ്ചിറ:
**കടയാട് അനന്തകൃഷ്ണൻ (AIR)**



സമർപ്പണം:
**അനിൽ മഹാദേവ**
[മാന്നാർ ശ്രീ മഹാദേവ ഗാനസഭ]
ഫോൺ: 7598767959

8-ാം ദിവസം

## 2026 ഏപ്രിൽ 14 ചൊവ്വ

### 1201 മേടം 01

വെളുപ്പിന് 4.00 ന് : പള്ളിയുണർത്തൽ

5.30 ന് : ഗണപതിഹോമം, ഉഷഃപൂജ

രാവിലെ 9 മുതൽ വൈകിട്ട് 4 വരെ : **നാരായണീയ പാരായണം**

അവതരണം : **മായപിരാൻ നാരായണീയ സമിതി പുലിയൂർ**

ഉച്ചയ്ക്ക് 1.00 ന് : **അന്നദാനം**

**അന്നദാനം : സൂര്യരാജ് പണിക്കർ, രാജേഷ് ഭവൻ, പരുമല**

വൈകിട്ട് 4.30 മുതൽ : **തിരുവാതിര**

അവതരണം : **ശ്രീ ഭാവയാമി ക്ലാസിക്കൽ & ഫ്യൂഷൻ തിരുവാതിര**



5 മണി മുതൽ : **നാമജപം**

അവതരണം : **ശ്രീഭദ്ര നാമജപസമിതി പരുമല**

7.00 മണി മുതൽ : **കളിയാട്ടം** (നൃത്തശില്പങ്ങൾ)




അവതരണം : **ഗുരുകുലം കലാക്ഷേത്രം**

**2026 ഏപ്രിൽ 15 ബുധൻ**

**1201 മേടം 02**

# വിഷു മഹോത്സവം



വെളുപ്പിന് 4.00 ന് : പള്ളിയുണർത്തൽ

**വിഷുക്കണിദർശനം**

നാദസ്വരം : രാഗലയശ്രേഷ്ഠൻ ലയവാദ്യ നിധികൾ

**കോട്ടയം സൗന്ദർരാജ് &**

**തൊടുപുഴ ശ്രീ. മനോജ്**



സ്പെഷ്യൽ തകിൽ : വാദ്യകലാനിധി കലാപ്രതിഭ

കാഞ്ചികാമകോടിപീഠം ആസ്ഥാനവിദ്വാൻ

**മാവേലിക്കര ശ്രീ. ഗോപകുമാർ** &

ക്ഷേത്രശ്രീ കലാതിലകം

**ഉളവുകാട് ശ്രീ. മുകേഷ്**

5.30 ന് : ഗണപതിഹോമം, ഉഷഃപൂജ

8.00 മണിക്ക് : **കാവടി വരവ്**



തിരുവാർമംഗലം ക്ഷേത്ര ഉപദേശക സമിതിയുടെ നേതൃത്വത്തിൽ തിരുവാലുംമൂട് ദേവീ ക്ഷേത്രത്തിൽ നിന്നും പമ്പമേളം, കരകം അകമ്പടിയോടുകൂടി കാവടിവരവ്

10.00 ന് : **ദേവീഭാഗവതപാരായണം**

കടപ്ര അമ്പാടി അശോകൻ

ഉച്ചയ്ക്ക് 1 മണിക്ക് : **അന്നദാനം**

**അന്നദാനം : അരുൺ വാസുദേവൻ, മാടാവ്മന, വേലൂർ, തൃശ്ശൂർ**



1.30 ന് : **ഓട്ടൻതുള്ളൽ**

അവതരണം : ഏവൂർ രഘുനാഥൻ നായർ (AIR, TV Fame)

## കുത്തിയോട്ടം



അവതരണം : ശ്രീഭദ്ര കുത്തിയോട്ട സമിതി, പരുമല

സമർപ്പണം : **രതീഷ്കുമാർ, മരങ്ങാട്ടുവാലയിൽ, പരുമല**

(ക്ഷേത്രത്തിലേക്ക് പുറപ്പെടുന്നസമയം: രാവിലെ 11 മണി)

അവതരണം : ദേവീവിലാസം കുത്തിയോട്ട സമിതി, പരുമല

സമർപ്പണം : **അശോക് കുമാർ കെ. (ഹരി), ഹരിസദനം, പരുമല**

(ക്ഷേത്രത്തിലേക്ക് പുറപ്പെടുന്നസമയം: ഉച്ചയ്ക്ക് 1.40 ന്)

പരുമല കുത്തിയോട്ട സമിതി, പള്ളിയറഭഗവതി കുത്തിയോട്ട സമിതി

ശ്രീ കാവിലമ്മ കുത്തിയോട്ട സമിതി (CLA Group)

# വിഷു മഹോത്സവം തുടർച്ച....



## 4.30 ന് : പുറത്തെഴുന്നള്ളിപ്പ്

താലപ്പൊലി, പൂക്കാവടി, ചെണ്ടമേളം,
തംബോലം, കൈകൊട്ടിക്കളി, ആദിവാസിനൃത്തം
എന്നിവയുടെ അകമ്പടിയോടുകൂടി
പരുമലക്കര കെട്ടുത്സവ സമിതിയുടെയും
പരുമല തെക്കുംഭാഗം കര കാളകെട്ടുസമിതിയുടെയും

# കെട്ടുകാഴ്ച വരവ്



6.00 ന് : **അകത്തെഴുന്നള്ളിപ്പ്**

6.45 ന് : **ദീപാരാധന**

രാത്രി 7.30 ന് : **ചെണ്ടമേളം**

അവതരണം : ഹരിശർമ്മ & പാർട്ടി

# വിഷു മഹോത്സവം തുടർച്ച....

രാത്രി 8.00 മുതൽ :

# സാന്ദ്രാനന്ദലയം



അവതരണം:

# നന്ദഗോവിന്ദം ഭജൻസ്

വെളുപ്പിന് 1.30 ന് : പുറത്തെഴുന്നള്ളിപ്പ്

## സേവ

നാദസ്വരം : രാഗലയശ്രേഷ്ഠൻ ലയവാദ്യ നിധികൾ

**കോട്ടയം സൗന്ദർരാജ് & പാർട്ടി**

ചെണ്ടമേളം : ഹരിശർമ്മ & പാർട്ടി

## നൃത്തം, വലിയകാണിക്ക

## ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക്



- വിഷുദിവസം പുറത്തെഴുന്നള്ളിപ്പിന് താലപ്പൊലി എടുക്കുവാൻ ആഗ്രഹിക്കുന്ന ബാലികമാർ അതാതു ദിവസം കൃത്യം 4 മണിക്ക് ഒരുക്കിയ താലവുമായി ക്ഷേത്രാങ്കണത്തിൽ എത്തിച്ചേരേണ്ടതാണ്.
- വിഷുദിവസം നിറപറ ഇടുവാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾക്ക് പകൽസമയത്ത് കിഴക്കേ നടയിലും, പുറത്തെഴുന്നള്ളിപ്പ് സമയത്ത് വടക്കേ നടയിലും പറയിടുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. (വിലപ്പറ ഒന്നിന് 100 രൂപ) നിർബന്ധമായും ക്യൂ പാലിക്കേണ്ടതാണ്.
- അൻപൊലി നടത്തുവാൻ ആഗ്രഹിക്കുന്നവർ ദേവസ്വം ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
- പരിപാടികളിൽ ഭേദഗതി വരുത്തുവാൻ കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കും
- ക്ഷേത്രഭരണസമിതിയുടെ അനുവാദമില്ലാതെ ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രപരിസരത്ത് യാതൊരുവിധ പരിപാടികളും സംഘടിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു.
- ക്ഷേത്രാങ്കണത്തിൽ ക്ഷേത്രാചാരമര്യാദകൾ പാലിക്കേണ്ടതാണ്.
- ക്ഷേത്രപരിസരത്ത് അന്യഉച്ചഭാഷിണികൾ ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.
- എല്ലാവിധ ചൂതുകളിയും നിരോധിച്ചിരിക്കുന്നു.
- ക്ഷേത്രകോമ്പൗണ്ടിനുള്ളിൽ ക്യാമറ, വീഡിയോ, മൊബൈൽ ഫോൺ മുതലായവ ഉപയോഗിക്കാൻ പാടില്ല. കൂടുതൽ വിവരങ്ങൾക്ക് ദേവസ്വം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9446560765

**SCAN & PAY**

**ഓൺലൈൻ വഴിപാടുകൾക്ക് :**

The Treasurer
Valiya Panayannarkavu Bhagavathy Devaswom, Parumala
A/c. No. : 57015574455, IFSC Code : SBIN0070088
State Bank of India, Mannar Branch
Ph: 98472 12387, 9446560765



**അന്വേഷണങ്ങൾക്കും വിശദവിവരങ്ങൾക്കും :**

**ശ്രീവലിയ പനയന്നാർകാവ് ഭഗവതി ക്ഷേത്രം,**
**പരുമല, തിരുവല്ല താലൂക്ക്,**
**പത്തനംതിട്ട ജില്ല, കേരള – 689626**
**ഫോൺ : 9446560765, 9605751582**

www.panayannarkavu.org,
E-mail : amma@panayannarkavu.org.
advsubhashadisser@gmail.com

ശബ്ദവും, വെളിച്ചവും : അനിൽ സൗണ്ട്സ്, ചെന്നിത്തല